"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസവകുപ്പ് - കോവിഡ് 19 - ലോക്ക് ഡൌൺ നിയന്ത്രണങ്ങൾ ഭാഗികമായി മാത്രം പിൻവലിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 2021-22 അധ്യയനവർഷത്തെ പ്രവർത്തനം സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.793/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 16/06/2021

പരാമർശം:- സർക്കാർ ഉത്തരവ് സാധാ നം.710/2021/ഉ.വി.വ തീയതി 29-05-2021

ഉത്തരവ്

മേൽ പരാമർശ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 2021-22 അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ, ലോക് ഡൗണുമായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഭാഗികമായി മാത്രം പിൻവലിച്ച സാഹചര്യത്തിൽ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് ചുവടെ പറയുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. കോളേജുകളിലെ അധ്യയനം 01-06-2021 മുതൽ ആരംഭിച്ച സാഹചര്യത്തിലും, ലോക് ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഭാഗികമായി നിലനിൽക്കുന്ന സാഹചര്യത്തിലും അധ്യാപകർ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിലവിലുള്ള രീതിയിൽ തന്നെ Work From Home ആയി ജോലിയിൽ തുടർന്നാൽ മതിയാകും.

2. പരീക്ഷാ ചുമതലയോ പ്രിൻസിപ്പൽമാർ നിർദ്ദേശിക്കുന്ന മറ്റ് ചുമതലകളോ നിർവ്വഹിക്കേണ്ട അധ്യാപകർ ടി ചുമതലയുള്ള ദിവസങ്ങളിൽ സ്ഥാപനങ്ങളിൽ കൃത്യമായി ഹാജരാകേണ്ടതാണ്.

3. കോളേജുകളിലെ അനധ്യാപക ജീവനക്കാർ സർക്കാർ പുറപ്പെടുവിക്കുന്ന പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലിക്ക് ഹാജരാകേണ്ടതും, പരീക്ഷാ ജോലികൾ നിർവ്വഹിക്കേണ്ട അനധ്യാപക ജീവനക്കാർ പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ കോളേജുകളിൽ ഹാജരായി ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയകുമാർ ആർ
അഡീഷണൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ/ഐ.എച്ച്.ആർ.ഡി/സി.സി.ഇ.കെ
5. വെബ് സൈറ്റ് നോഡൽ ഓഫീസർ, ഉന്നതവിദ്യാഭ്യാസവകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂമീഡിയ)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ